LIBRARY ARCHIVES Kerala Legislative Assembly

തീരദേശ ഹൈവേയിൽ ചുവടെ ചേർക്കുന്ന പാലങ്ങൾ ഉൾപ്പെട്ടു വരുന്നു :

1. രണ്ട് തെങ്ങ് പാലം - ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.
2. അഴിത്തല പാലം - ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.
3. ഉദുമ (നമ്പിൽ പാലം) - ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.
4. കാസർഗോഡ് പാലം - ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി അവസാനഘട്ടത്തിലാണ്.
5. ഷിറിയ പാലം - ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.
6. ഹൊസബട്ട പാലം - പ്രവൃത്തി ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം നടത്തി വരുന്നു.

(സി) എത്ര ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നും ഇതിന്റെ നടപടികൾ ഏതുവരെയായിയെന്നുമുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

തീരദേശ ഹൈവേയുടെ ചില സ്ഥലങ്ങളിൽ അലൈൻമെന്റ് അന്തിമമായി അംഗീകരിക്കാത്തതിനാൽ സ്ഥലമെടുപ്പ് സംബന്ധിച്ച് കണക്കെടുപ്പ് പൂർത്തീകരിച്ചിട്ടില്ല.

പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ പ്രവർത്തനക്ഷമത

92 (841) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും കാലതാമസം ഇല്ലാതാക്കുന്നതിനും നിലവാരം ഉറപ്പ് വരുത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പൊതുമരാമത്ത് പ്രവൃത്തികളിലെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി ഗുണനിലവാര പരിശോധന വിവിധതലങ്ങളിൽ നടത്തുകയും ഇതിനുള്ള കർശന നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യുന്നു. ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖാന്തരമാണ് ഗുണനിലവാര പരിശോധന നടത്തുന്നത്. ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരം ത്രിതല ഗുണനിലവാര പരിശോധനകൾ നടത്തി വരുന്നു. എസ്റ്റിമേറ്റ് തുക 15 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിന് 1st tier ഗുണനിലവാര പരിശോധനാ റിപ്പോർട്ട് നിർബന്ധമാക്കിയിട്ടുണ്ട്. ഒപ്പം വകുപ്പുതലത്തിൽ ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖാന്തരം IInd tier ഗുണനിലവാര പരിശോധനകളും നടത്തി വരുന്നുണ്ട്. IInd tier പരിശോധനാഫലം തൃപ്തികരമല്ലാതെ വരുന്നപക്ഷം അത് പൊതുമരാമത്ത് വിജിലൻസ് വിഭാഗത്തെ അറിയിക്കുകയും ആയതിന്മേൽ തുടർനടപടികൾ വിജിലൻസ് വിഭാഗം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പി.ഡബ്ല്യു.ഡി.-ക്കുകീഴിലുള്ള മരാമത്ത് പ്രവൃത്തികൾ ഒരു സ്വതന്ത്ര ഏജൻസി മുഖേന ക്വാളിറ്റി ആഡിറ്റിംഗ് നടത്തുന്നുണ്ടോ; എങ്കിൽ ഏത് ഏജൻസിയെയാണ് ഇതിനായി നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ ക്വാളിറ്റി ആഡിറ്റിംഗിനായി ഒരു സ്വതന്ത്ര ഏജൻസിയേയും നിയോഗിച്ചിട്ടില്ല.

(സി) പി.ഡബ്ല്യു.ഡി.-യുടെ ഉടമസ്ഥതയിലുള്ള എല്ലാ റോഡുകളുടെയും വിശദാംശം കാണിക്കുന്ന ബോർഡുകൾ പ്രസ്തുത റോഡുകളിൽ സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകളിലും നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള പ്രധാന റോഡുകളിലും വിശദാംശം കാണിക്കുന്ന ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. മറ്റ് റോഡുകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പി.ഡബ്ല്യു.ഡി. പ്രവൃത്തികൾക്ക് ഏർപ്പെടുത്തിയ സോഷ്യൽ ആഡിറ്റിംഗ് സംവിധാനം ഫലപ്രദമാണോ; അത് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരവും സുതാര്യതയും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ കാര്യക്ഷമതയ്ക്കായി ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി

93 (842) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പുവരുത്താൻ സർക്കാർതലത്തിലും ഉദ്യോഗസ്ഥ തലങ്ങളിലും അവലോകന യോഗങ്ങൾ നടത്തുകയും പ്രവൃത്തി തടസ്സരഹിതമായി പുരോഗമിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. കരാറുകാരന്റെ പിഴവുകൊണ്ടാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകേണ്ടിവരുന്നതെങ്കിൽ സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റിൽ നിഷ്കർഷിക്കുംവിധം നിശ്ചിത തുക ഫൈൻ ഈടാക്കാറുണ്ട്.